**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2857** **14-09-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി സർചാർജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഇന്ധന സർചാർജ് മാസംതോറും യൂണിറ്റിന് പരമാവധി ഇരുപത് പൈസ നിരക്കിൽ ഈടാക്കാൻ കെ.എസ്.ഇ.ബി യ്ക്ക് അനുമതി നൽകിയിട്ടുണ്ടോ; | (എ) | കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ച വൈദ്യുതി ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് താരിഫ് റെഗുലേഷനിലെ ഇന്ധന സർചാർജ് പ്രതിപാദിക്കുന്ന 87-ാം ചട്ടം പരിഷ്കരിച്ച് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, വിജ്ഞാപനം പുറപ്പെടുവിക്കുകയും, പ്രസ്തുത ചട്ടത്തിൽ ഏപ്രിൽ 2023 മുതൽ ഇന്ധന വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനം കമ്മീഷൻ നിഷ്കർഷിച്ച ഫോർമുല അനുസരിച്ച് കണക്കാക്കി ഇന്ധന സർചാർജ്ജ് ആയി പ്രതിമാസം ഉപഭോക്താക്കളിലേക്ക് കൈമാറാൻ ലൈസൻസികളെ അനുവദിച്ചു കൊണ്ട് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരമാവധി 10 പൈസ വരെ ആണ് ഇന്ധന സർചാർജ്ജ് ആയി പ്രതിമാസം ഉപഭോക്താക്കളിലേക്ക് കൈമാറാൻ ലൈസൻസികളെ അനുവദിച്ചു കൊണ്ട് വ്യവസ്ഥ ചെയ്തിട്ടുള്ളത്.<br><br>ഇന്ധന വിലയിലെ ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ യഥാസമയം ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നതിനായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 2009 മുതൽ 2023 വരെ വൈദ്യുതി വാങ്ങൽ വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ കമ്മീഷൻ അംഗീകരിച്ച നിരക്കിൽ, അംഗീകരിച്ച കാലയളവിലേക്ക് ഈടാക്കി വരുന്നു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ജൂലൈ 2022 മുതൽ ഡിസംബർ 2022 വരെയുള്ള കാലയളവിലെ ഇന്ധന സർചാർജ്ജ് ആയി 248.04 കോടി രൂപ |

| | | | |
|---|---|---|---|
| | | | അംഗീകരിക്കുകയും പ്രസ്തുത ഇന്ധന സർചാർജ്ജ് തുക സംസ്ഥാനത്തെ മുഴുവൻ ഉപഭോക്താക്കളിൽ നിന്നും ജൂൺ മുതലുള്ള ഉപഭോഗത്തിൻമേൽ യൂണിറ്റൊന്നിന് 9 പൈസ നിരക്കിൽ ഈടാക്കുന്നതിന് അനുവാദം നൽകുകയുണ്ടായി.<br><br>അപ്രകാരം ജൂലൈ 2023-ലെ ഇന്ധന സർചാർജ്ജ് ആയി 10 പൈസയും, ജൂലൈ-ഡിസംബർ 2022 വരെയുള്ള കാലയളവിലെ ഇന്ധന സർചാർജ്ജ് ആയി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച 9 പൈസയും കൂടി 19 പൈസയാണ് ഇന്ധന സർചാർജ്ജ് ആയി സെപ്റ്റംബർ മാസത്തെ ബില്ലിൽ ഈടാക്കുന്നത്. |
| (ബി) | ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ നിർദ്ദേശം പൂർണമായും നടപ്പാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ച വൈദ്യുതി ഭേദഗതി നിയമത്തിലെ വ്യവസ്ഥകളിൽ താരിഫ് ചട്ടങ്ങൾ പുറപ്പെടുവിച്ചപ്പോൾ ഉപഭോക്താക്കൾക്ക് അധികഭാരം ഉണ്ടാകാതിരിക്കാനായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താഴെ പറയുന്ന ഇളവുകൾ നൽകിയിട്ടുണ്ട്.<br><br>1. പരമാവധി ഇന്ധന സർചാർജ്ജ് 10 പൈസ ആയി നിജപ്പെടുത്തി<br><br>കേന്ദ്ര ഊർജ്ജ മന്ത്രാലയം 29.12.2022-ൽ പുറപ്പെടുവിച്ച വൈദ്യുതി ഭേദഗതി നിയമപ്രകാരം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന വ്യതിയാനങ്ങൾ മൊത്തമായി ഉപഭോക്താവിലേക്ക് കൈമാറാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. താരിഫ് ഷോക്ക് ഒഴിവാക്കാനായി ഏതെങ്കിലും മാസം സർചാർജ്ജ് അധികമായി വന്നാൽ തുടർന്നുള്ള രണ്ട് മാസങ്ങളിലേക്ക് മാറ്റം ചെയ്യാനുള്ള വ്യവസ്ഥകളുണ്ട്. അപ്രകാരം മാറ്റം ചെയ്യുമ്പോൾ സർചാർജ്ജ് മൊത്തം വൈദ്യുതി ഇന്ധന ചാർജ്ജിന്റെ 20 ശതമാനത്തിലേക്ക് പരിധി നിശ്ചയിച്ചിട്ടുണ്ട്. മറ്റ് മിക്ക സംസ്ഥാനങ്ങളിലും 29.12.2022-ൽ പുറപ്പെടുവിച്ച വൈദ്യുതി ഭേദഗതി നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള ചട്ടങ്ങൾ അതേപടി ഉൾക്കൊള്ളിക്കുകയാണ് ചെയ്തിട്ടുള്ളത്. തെലങ്കാന 30 പൈസയും ആന്ധ്ര 40 പൈസയും ഇന്ധന സർചാർജ്ജിന്റെ പരിധിയായി ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. കർണാടകയിൽ ഒരുവിധ പരിധിയും വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ കേരളത്തിലെ പ്രത്യേക ഉപഭോക്തൃ വ്യവസ്ഥ കണക്കിലെടുത്ത് താരിഫ് ഷോക്ക് ഒഴിവാക്കാനായി പരമാവധി 10 പൈസ വരെ മാത്രമാണ് ഇന്ധന സർചാർജ് ആയി കൈമാറ്റുവാൻ ലൈസൻസികളെ അനുവദിച്ചിട്ടുള്ളത്. അപ്രകാരം പരിധി നിശ്ചയിച്ചതിനാൽ വൈദ്യുതി |

| | | | |
|---|---|---|---|
| | | | ഭേദഗതി നിയമത്തിൽ നിഷ്കർഷിച്ച പ്രകാരം വൈദ്യുതി വാങ്ങൽ വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ മൊത്തമായി ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുവാൻ കഴിയുന്നതല്ല. ഉദാഹരണത്തിന് ജൂൺ 2023ലെ വൈദ്യുതി വാങ്ങൽ വില 977.12 കോടി രൂപയും സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വൈദ്യുതി വാങ്ങൽ വില 845.43 കോടി രൂപയും ആയിരുന്നു. അതായത് 131.70 കോടി രൂപ അധികമാണ് ജൂൺ മാസത്തിൽ വൈദ്യുതി വാങ്ങൽ വിലയിൽ ഉണ്ടായിട്ടുള്ളത്. എന്നാൽ 10 പൈസ പരിധി നിശ്ചയിച്ചതിനാൽ 21 കോടി രൂപ മാത്രമേ ഇന്ധന സർചാർജ് ആയി ഈടാക്കാൻ കഴിയുകയുള്ളു.<br><br><u>2.ദുർബല വിഭാഗത്തെ ഇന്ധന സർചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.</u><br><br>ആയിരം വാട്ട്സ് വരെ കണക്ടഡ് ലോഡുള്ളതും പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളതുമായ ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഏകദേശം 13 ലക്ഷത്തോളം ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.<br><br><u>3. പ്രസരണ ചാർജ്ജ്</u><br><br>വൈദ്യുതി ഭേദഗതി നിയമത്തിലെ പ്രസരണ ചാർജ്ജുൾപ്പടെയുള്ള മൊത്തം വൈദ്യുതി വാങ്ങൽ വിലയിലെ വ്യതിയാനങ്ങളാണ് താരിഫിലൂടെ കൈമാറ്റം ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഇന്ധന വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ മാത്രമേ ഇന്ധന സർചാർജ്ജിലൂടെ ഈടാക്കുവാൻ അനുവദിച്ചിട്ടുള്ളു. |
| (സി) | കേന്ദ്ര നിർദ്ദേശപ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിരക്ക് നിർണ്ണയ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; എന്നുമുതൽ വർദ്ധനവ് പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ച വൈദ്യുതി ഭേദഗതി നിയമത്തിലെ വ്യവസ്ഥകളിൽ താരിഫ് ചട്ടങ്ങൾ പുറപ്പെടുവിച്ചപ്പോൾ ഉപഭോക്താക്കൾക്ക് അധികഭാരം ഉണ്ടാകാതിരിക്കാനായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താഴെ പറയുന്ന ഇളവുകൾ നൽകിയിട്ടുണ്ട്.<br><br>1. പരമാവധി ഇന്ധന സർചാർജ്ജ് 10 പൈസ ആയി നിജപ്പെടുത്തി<br><br>കേന്ദ്ര ഊർജ്ജ മന്ത്രാലയം 29.12.2022-ൽ പുറപ്പെടുവിച്ച വൈദ്യുതി ഭേദഗതി നിയമപ്രകാരം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന വ്യതിയാനങ്ങൾ മൊത്തമായി ഉപഭോക്താവിലേക്ക് |

കൈമാറാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. താരിഫ് ഷോക്ക് ഒഴിവാക്കാനായി ഏതെങ്കിലും മാസം സർചാർജ്ജ് അധികമായി വന്നാൽ തുടർന്നുള്ള രണ്ടു മാസങ്ങളിലേക്ക് മാറ്റം ചെയ്യാനുള്ള വ്യവസ്ഥകളുണ്ട്. അപ്രകാരം മാറ്റം ചെയ്യുമ്പോൾ സർചാർജ്ജ് മൊത്തം വൈദ്യുതി ഇന്ധന ചാർജ്ജിന്റെ 20 ശതമാനത്തിലേക്ക് പരിധി നിശ്ചയിച്ചിട്ടുണ്ട്. മറ്റു മിക്ക സംസ്ഥാനങ്ങളിലും 29.12.2022-ൽ പുറപ്പെടുവിച്ച വൈദ്യുതി ഭേദഗതി നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള ചട്ടങ്ങൾ അതേപടി ഉൾക്കൊള്ളിക്കുകയാണ് ചെയ്തിട്ടുള്ളത്. തെലങ്കാന 30 പൈസയും ആന്ധ്ര 40 പൈസയും ഇന്ധന സർചാർജ്ജിന്റെ പരിധിയായി ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. കർണാടകയിൽ ഒരുവിധ പരിധിയും വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ കേരളത്തിലെ പ്രത്യേക ഉപഭോക്തൃ വ്യവസ്ഥ കണക്കിലെടുത്തു താരിഫ് ഷോക്ക് ഒഴിവാക്കാനായി പരമാവധി 10 പൈസ വരെ മാത്രമാണ് ഇന്ധന സർചാർജ് ആയി കൈമാറുവാൻ ലൈസൻസികളെ അനുവദിച്ചിട്ടുള്ളത്. അപ്രകാരം പരിധി നിശ്ചയിച്ചതിനാൽ വൈദ്യുതി ഭേദഗതി നിയമത്തിൽ നിഷ്കർഷിച്ച പ്രകാരം വൈദ്യുതി വാങ്ങൽ വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ മൊത്തമായി ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുവാൻ കഴിയുന്നതല്ല. ഉദാഹരണത്തിന് ജൂൺ 2023ലെ വൈദ്യുതി വാങ്ങൽ വില 977.12 കോടി രൂപയും സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വൈദ്യുതി വാങ്ങൽ വില 845.43 കോടി രൂപയും ആയിരുന്നു. അതായത് 131.70 കോടി രൂപ അധികമാണ് ജൂൺ മാസത്തിൽ വൈദ്യുതി വാങ്ങൽ വിലയിൽ ഉണ്ടായിട്ടുള്ളത്. എന്നാൽ 10 പൈസ പരിധി നിശ്ചയിച്ചതിനാൽ 21 കോടി രൂപ മാത്രമേ ഇന്ധന സർചാർജ് ആയി ഈടാക്കാൻ കഴിയുകയുള്ളൂ.

2.ദുർബല വിഭാഗത്തെ ഇന്ധന സർചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ആയിരം വാട്ട്സ് വരെ കണക്ടഡ് ലോഡുള്ളതും പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളതുമായ ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഏകദേശം 13 ലക്ഷത്തോളം ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

3. പ്രസരണ ചാർജ്ജ്

വൈദ്യുതി ഭേദഗതി നിയമത്തിലെ പ്രസരണ ചാർജ്ജുൾപ്പടെയുള്ള മൊത്തം വൈദ്യുതി വാങ്ങൽ

| | | | |
|---|---|---|---|
| | | | വിലയിലെ വ്യതിയാനങ്ങളാണ് താരിഫിലൂടെ കൈമാറ്റം ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഇന്ധന വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ മാത്രമേ ഇന്ധന സർചാർജ്ജിലൂടെ ഈടാക്കുവാൻ അനുവദിച്ചിട്ടുള്ളു. |

സെക്ഷൻ ഓഫീസർ